**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2075** **30-09-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2011-2016 സർക്കാരിന്റെ കാലഘട്ടത്തിൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് കീഴിൽ 2015-ൽ പ്രവർത്തനമാരംഭിച്ച സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (എസ്.എ.എസ്.എ.) എന്ന സ്ഥാപനത്തെ ഡേറ്റ റിസർച്ച് ആൻഡ് അനാലിസിസ് കേന്ദ്രമാക്കി ഉയർത്തണമെന്ന 21/01/2025-ൽ 54/എൽഒപി/2025 നമ്പർ കത്ത് പ്രകാരമുള്ള പ്രതിപക്ഷ നേതാവിന്റെ ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (എ) | നയരൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുകയും സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം നവീകരിക്കുകയും പരിശീലനങ്ങളിലൂടെയും ഡാറ്റ അധിഷ്ഠിതമായ ഗവേഷണങ്ങളിലൂടെയും സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയിൽ പഠന ഗവേഷണത്തിൽ മികവിന്റെ കേന്ദ്രമായി മാറുകയും ചെയ്യുക എന്നതാണ് സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA)-ന്റെ ഉദ്ദേശ്യലക്ഷ്യം.<br><br>ഡാറ്റാ സയൻസിൻ്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്ന ഒരു പഠന ഗവേഷണ കേന്ദ്രം എന്ന നിലയിൽ SASA യെ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. SASA -യുടെ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടെ Support for Statistical Strengthening Project - നായി നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 156.17 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. SASAയെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് ഒരു സ്വയംഭരണ സ്ഥാപനമായി മാറ്റുന്നതിലൂടെ ഗവേഷണ പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുവാനും സ്വന്തമായി വരുമാനം കണ്ടെത്തുവാനും സാധിക്കുന്നതാണ്. SASA അഡൈ്വസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള Quick study, റിസർച്ച് മെത്തഡോളജി പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിന് വിഭാവനം ചെയ്യുകയും തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ച് കൊണ്ടിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ